**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5816** **16-03-2023 - ൽ മറുപടിയ്ക്ക്**

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ക്ലിനിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തിലും ഒരു ഹോമിയോ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിൽ ഹോമിയോ ചികിത്സ കേന്ദ്രം ഇല്ലാത്ത പുതുക്കാട് നിയോജക മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രിക്കായി കെട്ടിട സൗകര്യം ഒരുക്കാൻ സന്നദ്ധത അറിയിച്ച് പഞ്ചായത്ത് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഹോമിയോ ക്ലിനിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ